(ഡി) എങ്കിൽ പരിഹാരമുണ്ടാക്കാൻ നടപടിയെടുക്കുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഇതിനെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഫിഷറീസ് വകുപ്പിന് ഇത്തരം പഠനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങളില്ല.

(ബി) ഇതു സംബന്ധിച്ച് കൊച്ചിയിലെ ഓഷ്യാനോഗ്രാഫി ഇൻസ്റ്റിറ്റ്യൂട്ട് ചില പഠനങ്ങൾ നടത്തുകയുണ്ടായി. സുനാമിക്കുശേഷം വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊച്ചി, പൊന്നാനി, ബേപ്പൂർ എന്നിവിടങ്ങളിൽ 20 മീറ്റർ താഴ്ചവരെയുള്ള കടലിനടിത്തട്ടിൽനിന്നും സാമ്പിളുകൾ ശേഖരിക്കുകയുണ്ടായി. അവ സുനാമിക്ക് മുമ്പ് ശേഖരിച്ച സാമ്പിളുകളുമായി താരതമ്യ പഠനം നടത്തിയപ്പോൾ ആലപ്പുഴ ഒഴിച്ച് മറ്റു സ്ഥലങ്ങളിൽ ബയോമാസ് വർദ്ധിച്ചിരിക്കുന്നതായി കണ്ടു. ഇത് ആവാസ വ്യവസ്ഥയിലെ മാറ്റത്തെ സൂചിപ്പിക്കുന്നു. കടലിനടിയിലെ ജൈവോൽപ്പാദന വർദ്ധനവ് കടലിനടിത്തട്ടിലെ മത്സ്യോൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കില്ല എന്നാണ് എൻ. ഐ. ഒ.-യുടെ നിഗമനം. 2005 ജനുവരിയിൽ 'സാഗർ സമ്പട' യിൽ എൻ. ഐ. ഒ.യും ഡി. ഒ. ഡി. യും സംയുക്തമായി നടത്തിയ സർവ്വേയിൽ 30 മീറ്റർ മുതൽ 100 മീറ്റർ താഴ്ചയുള്ള കടലിനടിത്തട്ടിൽ ബയോമാസിനു മാറ്റമൊന്നും സംഭവിച്ചിട്ടില്ല എന്നു കാണാൻ കഴിഞ്ഞു.

(സി) ഇതു സംബന്ധിച്ച് ശാസ്ത്രീയ വിശകലനങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

സുനാമിക്ക് വിധേയമായ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിന് കേന്ദ്ര സഹായം

*10 [37] *ശ്രീ. വി. ജെ. പൗലോസ്:*
,, പി. ടി. തോമസ്:
,, വി. ഡി. സതീശൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ കടലാക്രമണത്തിനും സുനാമിയുടെ ഭീകര തിരകൾക്ക് വിധേയമായിട്ടുള്ളതുമായ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിനുള്ള പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അപ്രതീക്ഷിതമായി ഉണ്ടാകുന്ന കടൽകയറ്റത്തിന് ഉടനടി പ്രതിവിധി കാണേണ്ടതുകൊണ്ട് പ്രധാനമന്ത്രിയുടെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് കടൽഭിത്തി കെട്ടുവാനുള്ള സാമ്പത്തിക സഹായം നേടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നാഷണൽ കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്ന് കടൽഭിത്തി നിർമ്മാണത്തിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

ധനകമ്മിയും റവന്യൂകമ്മിയും കുറയ്ക്കുന്നതിന് നടപടി

*11 [38] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ*:

,, *പി. ജയരാജൻ*:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ധനകമ്മിയും റവന്യൂകമ്മിയും കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രവുമായി ഒപ്പുവച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ നടപടി അനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിനകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്;

(സി) നികുതി പരിഷ്കാരങ്ങൾ നടത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, ടാക്സ് ജി. എസ്. ഡി. പി. അനുപാതവും, നോൺ ടാക്സ് ജി. എസ്. ഡി. പി. അനുപാതവും മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സേവനങ്ങളുടെ ഉപഭോഗ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ ഇറക്കിയ സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു. †

(ബി) അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു. †

(സി) ഉണ്ട്.

† അനുബന്ധം II & II (എ)

LIBRARY ARCHIVES Kerala Legislative Assembly